മത്സ്യത്തൊഴിലാളികൾക്കുള്ള പുതിയ ഭവന നിർമ്മാണ സ്കീമുകൾ

24 (1067) പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ സ്കീമുകൾ ഏതെല്ലാം;

(ബി) ഇവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ഭവന നിർമ്മാണ സ്കീമുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി.

(ബി) ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 6 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ബനിഫിഷറി കമ്മിറ്റികളാണ് 90% ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 1500 ഗുണഭോക്താക്കളെ ഇതിനകം തെരഞ്ഞെടുത്തു. അവർക്ക് ധനസഹായം നൽകിത്തുടങ്ങിയിട്ടുണ്ട്.

(സി) പുതിയ ഭവന നിർമ്മാണ പദ്ധതികൾക്ക് അന്തിമരൂപം നൽകി വരുന്നു .

ചെറുവത്തൂരിൽ ഗവൺമെന്റ് ഫിഷറീസ് ഹോസ്പിറ്റൽ സ്ഥാപിക്കാൻ നടപടി

25 (1060) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഒരു ഗവൺമെന്റ് ഫിഷറീസ് ഹോസ്പിറ്റൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചെറുവത്തൂരിൽ ഇപ്പോൾ ഒരു ഗവൺമെന്റ് ആശുപത്രി നിലവിലുണ്ട്. മത്സ്യത്തൊഴിലാളികൾക്കും ഈ ആശുപത്രിയിലെ സേവനം ലഭ്യമാണ്. അതിനാൽ പ്രത്യേക ഫിഷറീസ് ഹോസ്പിറ്റലിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly